"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

മത്സ്യബന്ധന വകുപ്പ് - ഉന്നത വിദ്യാഭ്യാസ മേഖലയിൽ കേരള സംസ്ഥാന മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ സംബന്ധിച്ച ശിപാർശകൾ സമർപ്പിക്കുന്നതിന് ഉന്നതതല സമിതി രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**മത്സ്യബന്ധന തുറമുഖ (സി) വകുപ്പ്**

സ.ഉ.(സാധാ) നം.885/2025/F&P തീയതി,തിരുവനന്തപുരം, 17-12-2025

പരാമർശം:-
1. കേരള സംസ്ഥാന മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് കമ്മീഷണറുടെ 18.08.2025 ലെ KFWFB/845/2025 - B നമ്പർ കത്ത്.
2. ഫിഷറീസ് ഡയറക്ടറുടെ 08.12.2025-ലെ DFTVM/3158/2025 - N2 നമ്പർ കത്ത്.

**ഉത്തരവ്**

ഉന്നത വിദ്യാഭ്യാസ മേഖലയിൽ കേരള സംസ്ഥാന മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ സംബന്ധിച്ച ശിപാർശകൾ സമർപ്പിക്കുന്നതിന് വിദഗ്ധ സമിതിയെ നിയോഗിക്കുന്നതിന് 184ാമത് മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് യോഗം തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ വിദഗ്ധ സമിതിയെ നിയോഗിക്കുന്നതിനുള്ള തുടർ നടപടി സ്വീകരിക്കണമെന്ന് ക്ഷേമനിധി ബോർഡ് കമ്മീഷണറും, ഫിഷറീസ് വകുപ്പ് ഡയറക്ടറും പരാമർശം (1), (2) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഉന്നത വിദ്യാഭ്യാസ മേഖലയിൽ കേരള സംസ്ഥാന മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ സംബന്ധിച്ച ശിപാർശകൾ സമർപ്പിക്കുന്നതിന്, ഫിഷറീസ് വകുപ്പ് ഡയറക്ടറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ, താഴെ പറഞ്ഞിരിക്കുന്ന പ്രകാരം അംഗങ്ങളെ ഉൾപ്പെടുത്തി ഉന്നതതല സമിതി രൂപീകരിച്ച് ഉത്തരവാകുന്നു.

| | |
|---|---|
| ചെയർമാൻ | ഫിഷറീസ് അഡീഷണൽ ഡയറക്ടർ |
| കൺവീനർ | കേരള സംസ്ഥാന മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് ജോയിന്റ് കമ്മീഷണർ |
| | ഫിഷറീസ് ജോയിന്റ് ഡയറക്ടർ (ട്രെയിനിംഗ്) |

| | |
|---|---|
| അംഗങ്ങൾ | ഫിഷറീസ് ജോയിന്റ് ഡയറക്ടർ (പ്രൊജക്ട്) |
| | ഫിനാൻസ് ഓഫീസർ (ഫിഷറീസ് വകുപ്പ്) |
| | ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ (എഫ് ഡി) |
| | കോളേജിയറ്റ് വിദ്യാഭ്യാസ വകുപ്പിൽ നിന്നും നാമനിർദേശം ചെയ്യപ്പെടുന്ന പ്രതിനിധി |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**SAMEER KUMAR O J**

ജോയിന്റ് സെക്രട്ടറി

ഫിഷറീസ് ഡയറക്ടർ,തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, (ആഡിറ്റ്/എ & ഇ) കേരളം, തിരുവനന്തപുരം.
ഡെപ്യൂട്ടി ഡയറക്ടർ II, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്, തിരുവനന്തപുരം. (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനുവേണ്ടി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി. (ഫയൽ നം.സി3/138/2025/മതുവ.)

ഉത്തരവിൻ പ്രകാരം

Signed by
Sabitha Shiju
Date: 17-12-2025 11:23:39

സെക്ഷൻ ഓഫീസർ